# ഓർമ്മകളിലെ ചന്ദ്രൻ

രവിവർമ്മ(മധു)



ചന്ദ്രശേഖരൻ ഇന്ന് ഒരു ഓർമ്മ മാത്രമാണ്.... പൂരസ്മരണകളിൽ തലയെടുപ്പോടെ കോലവുമേറ്റി അഭിമാനത്തോടെ ചെവിയാട്ടി നിൽക്കുന്ന ചന്ദ്രശേഖരൻ. എന്നാൽ ഇനിയുള്ള തലമുറകൾ ചന്ദ്രനെ അറിയുക കഥകളിലൂടെ മാത്രമായിരിക്കും. മേയ് 15-ന് ചന്ദ്രൻ അന്ത്യശ്വാസം വലിച്ചപ്പോൾ ചരിത്രത്തിലേക്ക് മറഞ്ഞത്, നാടൻ ആനകളുടെ വംശാവലിയിലെ പ്രധാന കണ്ണിയായിരുന്നു. ആകാര ഭംഗിയിലും ലക്ഷണങ്ങളിലും ചന്ദ്രൻ മുൻപന്തിയിൽ തന്നെയായിരുന്നു എന്നതിൽ സംശയമില്ല, ഒരു പക്ഷെ ചന്ദ്രനെ പ്രശസ്തിയിലേക്കുയർത്തിയതും ആ സ്വഭാവസവിശേഷത തന്നെയായിരുന്നു.

---

ആന നമുക്കെന്നും ഹരമാണ്. ദൈവമെന്നും ദൈവവാഹനമെന്നും പറയുമെങ്കിലും ആനയ്ക്കെന്നും ദുരിതമാണ്. ആഘോഷങ്ങളെന്നു പറഞ്ഞ് ഈ സാധുമൃഗത്തെ ദ്രോഹിക്കുന്നതിൽ കയ്യും കണക്കുമില്ല. പക്ഷേ ആനയെ നമ്മൾ മലയാളികൾ സ്നേഹിക്കാതിരിക്കുന്നില്ല. ഈ മെയ് മാസം ആനപ്രേമികൾക്ക് തീരാനഷ്ടം വരുത്തിയാണ് കടന്നുപോയത്. തിരുവമ്പാടി ചന്ദ്രശേഖരൻ മെയ് മാസം 15ന് ചരിഞ്ഞു. ചന്ദ്രശേഖരന്റെ വിയോഗം സൃഷ്ടിച്ച ആഘാതം ഒരു ആനക്കമ്പക്കാരൻ പങ്കുവെക്കുന്നു.

---

ചന്ദ്രനെ ഞാൻ സ്ഥിരമായി കാണാൻ തുടങ്ങിയിട്ട് ഏഴ് വർഷമായിട്ടുണ്ടാകും. ആദ്യം ദേവസ്വം ഗോപാലൻകുട്ടിയും പിന്നീട് ഗിരീശനും മനസ്സിൽ മുൻപന്തിയിൽ സ്ഥാനം പിടിച്ചു. തൃശ്ശൂർക്ക് സ്ഥിരമായി യാത്രചെയ്യാൻ തുടങ്ങിയപ്പോഴാണ് ചന്ദ്രനുമായി ഞാൻ കൂടുതൽ അടുത്തത്. രാമചന്ദ്രന്റെ കുത്തേറ്റ് മരണവുമായി മല്ലിടുമ്പോൾ ഞാനവിടെ ഒരു സ്ഥിരക്കാരനായി മാറി. എന്നെ ചന്ദ്രനുമായി കൂടുതൽ അടുപ്പിച്ച മറ്റൊരു ഘടകം, ഡോ. പണിക്കരുടെ കൂടെയുള്ള യാത്രകളായിരുന്നു.

തൃശ്ശൂരുള്ള ഞായറാഴ്ചകളിൽ, രാവിലെ ചന്ദ്രനെ തേടി വെളപ്പായയിൽ ചെല്ലാറുണ്ട്. കൂടെ മകൻ അച്ചുവും. കുമാരേട്ടൻ അന്നേരം ചന്ദ്രനെ തേച്ച് കളിപ്പിക്കുന്ന സമയമായിരിക്കും. ചന്ദ്രൻ ഞങ്ങളെ തിരിച്ചറിയും. ശരീരഭാഷയിലൂടെ പലപ്പോഴും ആശയമിനിമയം നടത്താറുണ്ട്. കുളികഴിഞ്ഞ് നിൽക്കുന്ന ചന്ദ്രന്റെ അടുത്ത് ചെന്ന് സംസാരിക്കുമ്പോൾ ചെവി വട്ടംപിടിച്ച് ചന്ദ്രൻ ശ്രദ്ധിക്കുന്ന കാഴ്ച ഞാനിപ്പോഴും ഓർക്കുന്നു. ഇത്ര ബന്ധമുണ്ടായിരുന്നിട്ടും ചന്ദ്രന്റെ അവസാന കിടപ്പ് കാണാൻ ഞാൻ പോയില്ല, കാരണം അതിനുള്ള ശക്തി എനിക്കില്ലായിരുന്നു.

ദൈവങ്ങൾക്കും മനുഷ്യർക്കും വേണ്ടി ചന്ദ്രൻ ഒരുപാട് കഷ്ടപ്പാടുകൾ സഹിച്ചിട്ടുണ്ട്, പക്ഷെ അറിഞ്ഞു കൊണ്ട് ഒരു നാശനഷ്ടം പോലും ചന്ദ്രൻ വരുത്തിവെച്ചിട്ടില്ല. ഒരു മിണ്ടാപ്രാണിക്ക് ഇത്രയധികം മാദ്ധ്യമ പ്രാധാന്യം ലഭിച്ചത് ഒരു പക്ഷെ ഇതാദ്യമായിട്ടായിരിക്കും. പ്രശസ്ത ആയുർവ്വേദ ആന ചികിത്സകനായ ആവണപ്പറമ്പ് മഹേശ്വരൻ നമ്പൂതിരിപ്പാട് എഴുതിയിരുന്നതുപോലെ 'ഇതിലും തലയെടുപ്പുള്ള ആനകൾ വേറെ ഉണ്ടായിരിക്കാം, പക്ഷെ വ്യക്തിപ്രഭാവത്തിൽ ചന്ദ്രശേഖരനെ കടത്തി വെട്ടാൻ മറ്റൊരാനക്കുമാവില്ല.' ചന്ദ്രശേഖരൻ ഇനി സ്മരിക്കപ്പെടുകയാണെങ്കിൽ അതിനു കാരണവും ഇതു തന്നെ.